(ഇ) അഞ്ചുകൊല്ലത്തിലേറെയായി.

(എഫ് &ജി) ഉണ്ട്. ഭരണാനുമതിക്കു വേണ്ടിയുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

വക്കംപണയിൽ കടവ് പാലം

145 (756) ശ്രീ.ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വക്കം പണയിൽ കടവ് പാലത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) വക്കം പണയിൽ കടവ് പാലത്തിന്റെ നിർമ്മാണം ഉടനെ പൂർത്തികരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 60% പണി പൂർത്തിയായി.

(ബി) 6 മാസത്തിനുള്ളിൽ പണി പൂർത്തീയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ

623, 624 ,626, 628, 634, 635, 638, 639, 642, 655, 656, 657, 658, 659, 660, 662, 663, 664, 665, 666, 669, 670, 671, 672, 673, 674, 675, 676, 677, 678, 679, 680, 681,682, 684,685, 686,687, 688, 689, 690, 691, 692, 693, 696, 698, 705, 708, 719, 720, 752, 753, 757, 758, എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 A.M] മി.സ്പീക്കർ : ഓർഡർ,..... ഓർഡർ, ... അടിയന്തിരപ്രമേയ അവതരണത്തിന് വേണ്ടിയുള്ള ഒരു നോട്ടീസ് ചെയറിന് ലഭിച്ചിട്ടുണ്ട്. പക്ഷേ അത് അടിയന്തിര പ്രമേയമായി പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന വിവരം അറിയിക്കുന്നു. ബഡ്ജറ്റിന്റെ ചർച്ച നടക്കുന്ന ദിവസമായതുകൊണ്ട് ഇവിടെ ഈ വിഷയം ചർച്ച ചെയ്യുന്നതിന് ഇന്ന് യാതൊരു തടസവും ഉണ്ടാകുന്നതല്ല. ഓർഡർ.....ഓർഡർ.....ശ്രദ്ധക്ഷണിക്കൽ,.....

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഇത് നിസ്സാരകാര്യമല്ല.

മി. സ്പീക്കർ : നോട്ടീസ് തന്നപ്പോഴേ പറഞ്ഞ കാര്യമാണ്.

ശ്രീ. എ. കെ. ആന്റണി : ഇത് ഗുരുതരമായ പ്രശ്നമാണ്. ഈ പ്രശ്നം അടിയന്തിര പ്രമേയമായി ചർച്ച ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : ചർച്ച ചെയ്യാമല്ലോ : അടിയന്തിര പ്രമേയത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നല്ലേയുള്ളൂ. ചർച്ച ചെയ്യുന്നതിന് കുഴപ്പമില്ല. അടിയന്തിര പ്രമേയത്തിന്റെ പരിധിയിൽ വരുന്നില്ല. ശ്രദ്ധക്ഷണിക്കൽ,..... ശ്രീ. സി. മൊയിൻ കുട്ടി,..... (ബഹളം)

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലേയ്ക്കിറങ്ങി "മുഖ്യമന്ത്രി നീതിപാലിക്കുക" തുടങ്ങിയ മുദ്രാവാക്യം വിളിച്ചു കൊണ്ടിരുന്നു)

മി.സ്പീക്കർ: ഞാൻ പറഞ്ഞു കഴിഞ്ഞു. Don't repeat. ശ്രീ. സത്യൻ മൊകേരി..... (ബഹളം).....

ഞാൻ ആദ്യം സംസാരിച്ചു. അതിനു ശേഷവും സംസാരിച്ചു.Please hear me .....(ബഹളം).....

ബുദ്ധിമുട്ട് ഉണ്ടാക്കരുത്. അടുത്ത ഐറ്റത്തിലേക്ക് കടക്കുന്നു. ശ്രദ്ധക്ഷണിക്കൽ.....

II ശ്രദ്ധക്ഷണിക്കൽ

മി. സ്പീക്കർ : ശ്രീ.സി. മൊയിൻ കുട്ടിക്ക് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കാം.

(ഈ സമയം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എണീറ്റു നിന്ന് ബഹളം വയ്ക്കുകയും കക്ഷിനേതാക്കൾ ഒഴികെയുള്ള പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം മുഴക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു കൊണ്ടിരുന്നു. ശ്രീ.സി. മൊയിൻ കുട്ടി ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചില്ല. തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കാൻ ശ്രീ. സത്യൻ മൊകേരിയെ ക്ഷണിച്ചു)

നാളികേരത്തിന്റെ വിലയിടിവ്

ശ്രീ.സത്യൻ മോകേരി : സർ, കേരളത്തിലെ കാർഷിക മേഖലയെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു കൊണ്ടിരുന്നു)

മി. സ്പീക്കർ : Please hear me. ഉന്നയിക്കാമെന്ന് പറഞ്ഞല്ലോ,..... പിന്നെ എന്താണ്? നിങ്ങൾക്ക് ഉന്നയിക്കാം.

ശ്രീ.സത്യൻ മോകേരി : കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ഈ സഭയിൽ ഉന്നയിക്കുന്ന സന്ദർഭങ്ങളിലെല്ലാം അതിനുള്ള അവസരം തടസ്സപ്പെടുത്തുന്ന പ്രതിപക്ഷത്തിന്റെ നിലപാട് കൃഷിക്കാർക്ക് എതിരാണ്.....(ബഹളം)..... പ്രതിപക്ഷ നേതാവ് കേരളത്തിലുടനീളം സഞ്ചരിച്ചിട്ട് കേരളത്തിലെ കർഷകരെക്കുറിച്ച് ഒരക്ഷരം പറഞ്ഞിട്ടില്ല. ഈ സഭയിൽ കൃഷിക്കാരുടെ പ്രശ്നത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly